പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4385

28/06/2012-ൽ മറുപടിയ്ക്ക്

## ഏഴിമല നാവിക അക്കാദമിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ ഏഴിമല നേവൽ അക്കാദമി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വർദ്ധിപ്പിച്ച നഷ്ടപരിഹാരയിനത്തിൽ സെക്ഷൻ 18, സെക്ഷൻ 28A, സെക്ഷൻ 28 A3 വകുപ്പുകൾ പ്രകാരം ഉദ്ദേശം 17 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) നഷ്ടപരിഹാര തുക ഇനിയും എത്ര പേർക്ക് നൽകാനുണ്ടെന്നും എത്ര തുകയാണ് ഇവർക്ക് നൽകേണ്ടതെന്നും അറിയിക്കുമോ ; | (ബി) കോടതി വിധിയായിട്ടുള്ള 50 എൽ.എ. കേസുകളിലായി ഏതാണ്ട് 2 കോടി രൂപ നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ച് നൽകാനുണ്ട്. |
| (സി) ഇവർക്ക് നഷ്ടപരിഹാരം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) ഏഴിമല നാവിക അക്കാദമിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് അപ്പീലിന് സാദ്ധ്യതയില്ലാത്ത 237 എൽ. എ. ആർ. കേസുകളിൽ കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം 2011-12 വർഷത്തിൽ 6,46,57,009/- രൂപ അനുവദിച്ച് നൽകിയിരുന്നു. നാവിക അക്കാദമിക്കുവേണ്ടി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിരവധി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത്തരം വ്യവഹാരങ്ങളിൽ ഉണ്ടാകുന്ന കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടർ സമർപ്പിക്കുന്ന ശുപാർശകൾ അനുസരിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ